ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

മന്ത്രിമന്ദിരങ്ങൾ മോടിപിടിപ്പിക്കുന്നതിനും വാടകയിനത്തിലും ചെലവായ തുക

77 [16] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ മന്ത്രിമാരുടെ വസതികൾ മോടിപിടിപ്പിക്കുന്നതിനായി ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം മന്ത്രിമാരാണ് ഇപ്പോൾ വാടകക്കെട്ടിടങ്ങളിൽ താമസിക്കുന്നത്;

(സി) പ്രസ്തുത മന്ത്രിമാർക്ക് വാടക ഇനത്തിൽ ഇതുവരെ ചെലവഴിച്ച തുക എത്ര വീതമെന്ന് പറയാമോ;

(ഡി) ഓരോ കെട്ടിടത്തിന്റേയും പ്രതിമാസ വാടക എത്രവീതമാണെന്ന് പറയാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) --- (ഡി) അനുബന്ധം (എ) യിൽ വച്ചിട്ടുണ്ട്.†

മന്ത്രിസഭാംഗങ്ങളുടെ ടെലഫോൺ ചാർജ്ജ്

78 [17] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ മന്ത്രിസഭയിലെ ഓരോ അംഗവും ടെലഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ചിട്ടുള്ള തുക എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ ഓരോ അംഗവും ടി.എ., ഡി.എ. ഇനത്തിൽ വാങ്ങിയ തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതേ കാലയളവിൽ മൊബൈൽഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുക എത്ര വീതമെന്ന് അറിയിക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly